

# ഡിജിറ്റൽ മാഗസിൻ



# എഡിറ്റോറിയൽ ബോർഡ്

## എഡിറ്റർ

**നൈഷാന നാസർ**

## സബ് എഡിറ്റർ

**ഗീതിക ബാബു**

## സഹായികൾ

**അതുല്യ പ്രസാദ്**

**കൃഷ്ണ പ്രസാദ്**

**ഗൗരി കൃഷ്ണ**

**അൻഷ മോൾ**

**ജ്യോൽസ്ന**

**ജൂലിയ മാത്യു**

**അൽത്താഫ്**

**സുമേഷ്**

**അനന്തു**

# മുഖമൊഴി

വിദ്യാലയത്തിന്റെ ചുമരുകൾക്കുള്ളിൽ ഉറങ്ങിക്കിടക്കുന്ന കലാസൃഷ്ടിയുടെ അമൃത ദേവന് പ്രണാമം. അടഞ്ഞു കിടന്നിരുന്ന മനസ്സുകളിലേക്ക് ഇറങ്ങിച്ചെന്നപ്പോൾ കിട്ടിയത് അമൂല്യങ്ങളായ മുത്തുകൾ. കാലത്തിന്റെ കുത്തൊഴുക്കിൽ വരണ്ട ഭൂമിയിൽ മേഘത്തിൽ നിന്ന് അമൃത്, പുൽനാമ്പിൽ സൂര്യോദയം, മണ്ണിൽ മൂടപ്പെട്ട വിത്തിനുള്ളിൽ ഒരു പുളകം, പിന്നെ ഒരു സൃഷ്ടി ജനിക്കുന്നു. തികച്ചും ശൂന്യതയിൽ നിന്ന് അനന്തതയിലേക്ക് .......

നൈഷാന നാസർ
(എഡിറ്റർ)

# ഞങ്ങളുടെ ഹെഡ്മാസ്റ്റർ





# ശ്രീ. ബിജോയി മാത്യു

# ആശംസ

ഇരുപത്തി ഒന്നാം നൂറ്റാണ്ട് ഡിജിറ്റൽ യുഗമാണ്. ഇന്റർനെറ്റിൻെയും സ്മാർട്ട് ഫോണിന്റെയും വരവോടെ വാർത്താവിനിമയ രംഗത്ത് ഇവിടെ ഒരു കുതിച്ചുചാട്ടം ഉണ്ടായി. അത് എഴുത്തിനെയും വായനയെയും അടിമുടി മാറ്റിമറിച്ചു. അച്ചടി മാധ്യമങ്ങളെ പിന്തള്ളി ഡിജിറ്റൽ മാധ്യമങ്ങൾ ഇന്ന് ലോകം കീഴടക്കിക്കഴിഞ്ഞു. എഴുത്ത്, കേൾവി, കാഴ്ച എന്നിവയെ വിദഗ്ധമായി സമന്വയിപ്പിച്ചുകൊണ്ട് പുതിയൊരു സംവേദന തലത്തിലേക്ക് ഡിജിറ്റൽ മാധ്യമങ്ങൾ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. കുട്ടികൾ എന്നല്ല മുതിർന്നവർ പോലും ഇക്കാലത്ത് വാർത്തകളും മറ്റും മൊബൈലിലാണ് വായിക്കുന്നത്. അതുകൊണ്ടുതന്നെ

അച്ചടി മാധ്യമങ്ങളും ഡിജിറ്റൽ പതിപ്പുകളിലേക്കു ചുവടു മാറിക്കഴിഞ്ഞു. ഇന്ന് ആർക്കുവേണമെങ്കിലും ഡിജിറ്റൽ മാഗസിനുകൾ തയ്യാറാക്കാം. അത് ലോകം മുഴുവൻ എത്തിക്കുവാൻ വലിയ മുതൽ മുടക്കും വേണ്ട. പുസ്തകക്കെട്ടുകൾ ചുമന്നുകൊണ്ട് സ്ക്രൂളിലേക്ക് വരുന്ന കുട്ടികളുടെ സ്ഥാനത്ത്, ഭാവിയിൽ നമുക്ക് കാണാനാവുക, ഒരു ചെറിയ മൊബൈൽ ഫോണും പോക്കറ്റിലിട്ട് വരുന്ന കുട്ടുകളെയാവും. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തെ സ്ക്രൂളുകൾ പൂർണമായും ഡിജിറ്റൽ ആക്കണമെന്ന ചിന്തയിലേക്ക് സർക്കാർ എത്തിയത്. ഇതിനായി കോടികൾ ചിലവഴിച്ച് സ്ക്രൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറാക്കി. ഡിജിറ്റൽ രംഗത്ത് കുട്ടികൾക്കും ക്രൂടുതൽ അറിവും പരിശീലനവും നൽകുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ ക്ലബും സ്ക്രൂളുകളിൽ രൂപീകരിച്ചു. അതിന്റെ പ്രവർത്തനം എല്ലാ സ്ക്രൂളുകളിലും ഇപ്പോൾ സജീവമാണ്. നമ്മുടെ സ്ക്രൂളുകളിലെ ലിറ്റിൽ കൈറ്റ്സ്

അംഗങ്ങൾ ഒരു ഡിജ്ജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. അവർക്ക് എല്ലാ പിന്തുണയും പ്രോത്സാഹനവും വാഗ്ദാനം ചെയ്യുന്നു. ഭാവിയിൽ ഈ കുട്ടികൾ ഓൺലൈൻ പ്രസാധന രംഗത്തും ശോഭിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.



ഹെഡ് മാസ്റ്റർ
ബിജോയി മാത്യു

# താളുകൾ മറിക്കുമ്പോൾ


ഞങ്ങളുടെ ഹെഡ്മാസ്റ്റർ................................................4
താളുകൾ മറിക്കുമ്പോൾ................................................7
അമ്മ മനസ്സ്...........................................................7
ഭൂമിയ്ക്ക ദാഹിക്കുന്നു!!...................................................9
കേരളീയം...............................................................12
വിളിപ്പേരുകൾ...........................................................13
പ്രചോദനവും പ്രലോഭനവും......................................15
ലഹരിക്കെതിരെ അണിചേരാം.................................16
കാർട്ടൂൺ കവിത.......................................................17
പാറ്റ...........................................................................17
ദശപുഷ്പങ്ങൾ...........................................................18
പൂവാം കുറുന്തൽ....................................................19
മുയൽ ചെവിയൻ...................................................21
.................................................................................21
നിലപ്പന...................................................................22
ചെറൂള......................................................................23
വിഷ്ണുക്രാന്തി............................................................24
ഉഴിഞ്ഞ.....................................................................26
മുക്കുറ്റി.....................................................................27
വനത്തെ വിഴുങ്ങല്ലെ !!!!............................................28
******......................................................................29
കേരളഗാനം............................................................30
മഹദ് വചനങ്ങൾ.....................................................31
നമുക്ക് കാണാം സ്വപ്നങ്ങൾ.......................................34
GREAT IMPOSTORS OF THE ANIMAL WORLD
..................................................................................36
ANT SPIDER...........................................................36
BUTTERFLIES.........................................................36
STICK INSECTS AND LAEF INSECTS.........37
BOMBARDIER BEETLE.................................37
OCTOPUS..............................................................37
..................................................................................41
അടൂർ ഗോപാലകൃഷ്ണൻ...........................................41
..................................................................................41
യഥാർത്ഥ ഗുരു.........................................................43
..................................................................................44
ഒറ്റ ഉത്തരം..............................................................45
..................................................................................46
അറ്റുപോയ കണ്ണികൾ.............................................46
..................................................................................50
..................................................................................50
മുട്ട വിഴുങ്ങുന്നവർ...................................................52
അനിമേഷൻ.............................................................60
നൊബേൽ സമ്മാനം.................................................62
ജീവശാസ്ത്രം.............................................................65
*******......................................................................66
സൈബർ കുറ്റങ്ങൾ.................................................67
നളചരിതംകഥ.........................................................68
കൃതികളും രചയിതാവും..........................................70
പ്രകൃതി......................................................................71
കലാം മൊഴികൾ......................................................75

# അമ്മ മനസ്സ്



നറുനിലാവിൻ  നറുമണം വീശി

വാത്സല്യമേകുന്ന സ്നേഹ സ്വരൂപമാണമ്മ.

ദു:ഖങ്ങളിൽ  കൈപിടിച്ചുയർത്താനും

സന്തോഷങ്ങളിൽ പങ്കു ചേരാനും

എന്നമ്മയോളം വരികില്ലാരും .

സ്നേഹഭാവത്തിൽ  പുഞ്ചിരി തൂകുന്ന

സ്വാർത്ഥ രൂപമെന്തന്നറിയാത്ത

മാനവഹൃദയത്തിൽ ഇടം പിടിക്കുന്ന

സ്നേഹാമൃതമാണ്   എന്നമ്മ.

കുടുംബം എന്ന ജീവിത തളികയിൽ

ജീവിതം സമർപ്പിക്കുന്നവൾ.

ഈ യാചനയിലും ഈ ത്യാഗത്തിലും

മുന്നിൽ കൈ കൂപ്പുന്നു ഞങ്ങൾ !

*****

# ഭൂമിയും ദാഹിക്കുന്നു!!

മാർച്ച് 21= വനദിനം

മാർച്ച് 22= ജലദിനം

മാർച്ച് 23= കാലാവസ്ഥ



"ഈ മനോഹര തീരത്തു തരുമോ ഇനിയൊരു ജന്മം കൂടി..." എന്നു വയലാർ എഴുതി.

അതെ, ഈ മണ്ണും വിണ്ണും നമ്മെ അത്രമാത്രംകൊതിപ്പിക്കുന്നതാണ്. പക്ഷേ, അത് എത്രനാൾ? മണ്ണും വിണ്ണും മലിനമാകുമ്പോൾ ജീവ ജാലങ്ങൾ കുടിനീരിനു വലയുമ്പോൾ, നമ്മുടെ അത്യാചാരങ്ങളിൽപെട്ട് ഈ മനോഹര തീരം ഇനിയെത്രനാൾ എന്ന ചോദ്യം പ്രകൃതിയെ സ്നേഹിക്കുന്നവരുടെ ഉള്ളിൽ അറിയാതെ ഉണ

രുന്നു. ഈ ഉത്ക്കണ്ഠയിൽ നിന്നാണ് ഭൂമിയെ
കാക്കാൻ ചില ദിനാചരണങ്ങൾ വേണ്ടിവന്ന
ത്. എല്ലാ ജീവികൾക്കും പങ്കിട്ട് അനുഭവിക്കാ
നുള്ളതാണ് ഭൂമിയിലെ വിഭവങ്ങൾ. വിവേകി
എന്നു കരുതുന്ന മനുഷ്യന്റെ അവിവേകങ്ങൾ
ജീവഗ്രഹത്തിലെ സമതുലിതാവസ്ഥയുടെ താ
ളം തെറ്റിക്കുന്നു. ഭൂമിയുടെ ശ്വാസകോശം എ
ന്നറിയപ്പെടുന്ന കാടുകളുടെ സംരക്ഷണം ഭൂമിയെ കാക്കുന്നതിനും അതിലെ വിഭവങ്ങളെ നിലനിർത്തുന്നതിനും അതിലെ വിഭവങ്ങളെ സംരക്ഷിക്കുന്നതിനും സഹായിക്കും. ജലത്തിനായി മനുഷ്യർ ഏറ്റുമുട്ടുന്ന കാലത്തെ പലരും പ്രവചിച്ചിരുന്നു. വർധിച്ചു വരുന്ന ഭൂമിയിലെ ജലാത്തിന്റെ ആവശ്യം കണക്കിലെടുത്ത് അതിന്റെ സംരക്ഷണത്തിന്റെ ആവശ്യകത ജലദിനം ഓർമ്മിപ്പിക്കുന്നു. മനുഷ്യന്റെ ഇടപെടലുകൾ വഴി കാലാവസ്ഥാ വ്യതിയാന ഫലങ്ങൾ നേരിട്ടറിയുന്ന കാലത്താണ് നാം കാലാവസ്ഥാ

ദിനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നത്. ഈ ദിനങ്ങളുടെ പ്രാധാന്യം എല്ലാദിവസവും നമ്മുടെ പ്രവർത്തനങ്ങളിലുണ്ടാവണം. ഭൂമി മരിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് ജീവന്റെ നിലനിൽപുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് നാം ഓർമിക്കേണ്ടത്.

*******

# കേരളീയം



സംസ്ഥാന മൃഗം : ആന

സംസ്ഥാന വൃക്ഷം: തെങ്ങ്

സംസ്ഥാന പുഷ്പം : കണിക്കൊന്ന

സംസ്ഥാന പക്ഷി : മലമുഴക്കി വേഴാമ്പൽ

സംസ്ഥാന മത്സ്യം: കരിമീൻ



******

# വിളിപ്പേരുകൾ

കേരള പാണിനി : എ.ആർ.രാജരാജവർമ്മ

കേരള വ്യാസൻ : കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

കേരള വാത്മീകി : വള്ളത്തോൾ നാരായണമേനോൻ

കേരളകാളിദാസൻ: കേരളവർമ്മ വലിയകോയിത്തമ്പുരാൻ

കേരള സൂർദാസ് : പൂന്താനം

കേരള തുളസീദാസൻ : വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

കേരള ഓർഫ്യൂസ് : ചങ്ങമ്പുഴ കൃഷ്ണപിള്ള

കേരള ഇബ്സൻ : എൻ. കൃഷ്ണപിള്ള

കേരള മോപ്പസാങ് : തകഴി ശിവശങ്കരപ്പിള്ള


കേരള ഹോമർ : അയ്യിപ്പിള്ള ആശാൻ

കേരള സ്കോട്ട് : സി. വി. രാമൻപിള്ള

കേരള ഹോമർ : അയ്യിപ്പിള്ള ആശാൻ

കേരള ഹെമിങ് വേ : എം.ടി. വാസുദേവൻനായർ

*****




**അമൃത അനിൽകുമാർ**

**IX A**

# പ്രചോദനവും പ്രലോഭനവും

സ്വയംഊർജം പകരാത്ത ഒരു വിളക്കിനും രാത്രികളെ അതിജീവിക്കാനാകില്ല. നിലാവില്ലാത്ത രാത്രികളെക്കുറിച്ച് വിളക്ക് എന്തിനാണ് പരാതി പറയുന്നത് ? സ്വയം പ്രചോദനശേഷി നഷ്ടപ്പെടുന്നവർ ബാഹ്യ പ്രചോദനങ്ങളിൽ അഭയം തേടും. എന്തിനോടെങ്കിലും ആവേശം തോന്നുമ്പോൾ ഒരു ചോദ്യം സ്വയം ചോദിക്കണം അത് പ്രചോദനമാണോ പ്രലോഭനമാണോ ? വഴിതെളിക്കുന്നതെല്ലാം പ്രചോദനവും വഴിതെറ്റിക്കുന്നതെല്ലാം പ്രലോഭനവുമാണ്. ആരാണ് എന്നെ പ്രചോദിപ്പിക്കുന്നത് എന്നതിനേക്കാൾ , ആരിലാണ് ഞാൻ പ്രചോദനം കണ്ടെത്തുന്നത് എന്നതാണ് ശരിയായ ചോദ്യം.

*****

# ലഹരിക്കെതിരെ അണിചേരാം...

# !! JUST SAY NO !!



## SAY NO TO DRUGS!

## SAY NO TO DRINKS!

**കാർട്ടൂൺ കവിത**

# പാറ്റ



"പൂച്ചയെ പാറ്റ തിന്നപ്പോൾ

എലി ദുഖിച്ചിരുന്നപോല്

ഇനിയാരെന്നെയുണ്ണും, ഹാ

വിധിയും പാറ്റപോലെയോ."

*********

# ദശപുഷ്പങ്ങൾ

## മുക്കുറ്റി



വഴിയോരങ്ങളിലും വേലിപ്പടർപ്പുകളിലും പാടവരമ്പത്തുമൊക്കെ ധാരാളം ഉണ്ടായിരുന്ന മുക്കുറ്റി പനി, ചുമ , കഫക്കെട്ട് എന്നിവയ്ക്കെല്ലാം ഒന്നാന്തരം മരുന്നാണ്. വ്രണവും മുറിവുമൊക്കെ ഉണങ്ങാനും മുക്കുറ്റി നല്ലതാണ്. പ്രസവത്തോടനുബന്ധിച്ച് ചികിത്സകളി ലും മുക്കുറ്റിയ്ക്ക് പ്രധാന സ്ഥാനമുണ്ട്. ബയോഫൈറ്റം സെൻസിറ്റൈവം എന്ന് ശാസ്ത്രനാമം. ജെറിനിയോ സീ എന്ന സസ്യകുടുംബത്തിൽപെടുന്നു.

****

# പൂവാം കുറുംന്തൽ

പനി മാറാൻ ഏറ്റവും നല്ല മരുന്നാണ് പൂവാം കുറുംന്തൻ. ശരീരത്തിന്റെ ചൂട് കുറയ്ക്കും. ആവശ്യമില്ലാത്ത




നീരു വറ്റിക്കും. മലമ്പനിയ്ക്കുപോലും മരുന്നായി ഇത് ഉപയോഗിക്കുന്നു. കംമ്പോസിറ്റേ എന്ന സസ്യ കുടുംബത്തിലെ അംഗമാണ്. വെർണോനിയ സിനേറിയ എന്നാണ് ശാസ്ത്രീയ നാമം.

****

# കറുക



ത്വക്ക്  രോഗങ്ങൾ മാറ്റും.
വ്രണങ്ങൾ ഉണങ്ങാനും
മൂലക്കുരുവിനുമെല്ലാം കറുക
ഒന്നാന്തരം ഔഷധമാണ്. അപസ്മാര
ചികിത്സയിൽപ്പോലും കറുക
ഉപയോഗിക്കുന്നു. പോയേസി എന്ന
സസ്യ കുടുംബത്തിൽപെട്ട കറുകയുടെ
ശാസ്ത്രീയ നാമം സിനോഡൻ
ഡാക്റ്റിലോൺ എന്നാണ്.

****

# മുയൽ ചെവിയൻ



മുയൽച്ചെവിയൻ പനിയ്ക്ക് നല്ല മരുന്നാണ്. വയറിനകത്തെ കൃമികളെ ഇല്ലാതാക്കാനും മുറിവുകൾ ഉണങ്ങാനും മൂലക്കുരു ഇല്ലാതാക്കാനും ഇത് ഉപയോഗിക്കും.ആസ്റ്ററേസി കുടുംബത്തിൽപെട്ട ഈ ചെടിയുടെ ശാസ്ത്രീയ നാമം എമിലിയ സോൻചിഫോളിയ എന്നാണ്.

****

# നിലപ്പന

കഫക്കെട്ട്, ഛർദി, അതിസാരം, തുടങ്ങിയ രോഗങ്ങളുടെ



ചികിത്സയിൽ ഉപയോഗിക്കുന്ന ഔഷധ സസ്യമാണ് നിലപ്പന. ദഹനക്കുറവുപരിഹരിക്കാനും സന്ധിവേദന ഇല്ലാതാക്കാനും ഇത് ഉപകരിക്കും.

കർക്കുലി ഗോ ഓർക്യോയിഡ്സ്  എന്നതാണ് ഇതിന്റെ ശാസ്ത്രീയ നാമം. ഹൈപ്പോക്ക്സിഡേസീ

എന്ന സസ്യകുടുംബത്തിൽ പെടുന്നു.

****

# ചെറൂള

നാട്ടിൻ പുറങ്ങളിൽ ധാരാളമായി വളരുന്ന ചെടിയാണ് ചെറൂള. പ്രമേഹത്തിന് ഒന്നാന്തരം മരുന്ന്.




മൂത്രാശയത്തിലെ കല്ല ദ്രവിപ്പിച്ച കളയാൻ ചെറൂള അമരാന്തേസി എന്ന കുടുംബത്തിൽ പെടുന്ന ചെറൂളയുടെ ശാസ്ത്രീയ നാമം ഏർവ ലനാറ്റ.

****

# വിഷ്ണുക്രാന്തി

ഓർമ്മശക്തി കൂട്ടാൻ ഏറ്റവും ഫലപ്രദമാണ് വിഷ്ണുക്രാന്തി. രക്തശുദ്ധിക്കും ഇത് ഉപയോഗിക്കും.



മുടിവളരാനും താരൻ ഇല്ലാതാക്കാനും വിഷ്ണുക്രാന്തി നല്ലതാണ്. കോൺവോൽവുലേസി എന്ന കുടുംബത്തിൽ പെടുന്നു. ഇവോൽവുലസ് അൽസിനോയ്ഡെസ് എന്നു ശാസ്ത്രീയ നാമം.

# തിരുതാളി



**വി**ഷ്ണുക്രാന്തിയെപ്പോലെ തിരുതാളിയും

കോൺവോൽവലേസി എന്ന സസ്യ

കുടുംബത്തിൽപ്പെടുന്ന, ഐപോമിയ ഒബ്സ്കുറാ എന്നതാണ് ഇതിൻെറ ശാസ്ത്രീയ നാമം. ഉദരസംബന്ധമായ അസുഖങ്ങൾക്കുപയോഗിക്കുന്ന മികച്ച മരുന്നാണ് തിരുതാളി.അൾസർ ചികിത്സിച്ചു മാററാൻ പോലും തീരുതാളി ഏറെ ഉപോയിക്കപ്പെടുന്നു. ഇതിന്റെ കായും വിത്തുമൊക്കെ ശ്വാസതടസ്സം മാററുന്നതിനും കാഴ്ച്ചശക്തി കൂട്ടുന്നതിനും ഉപയോഗിക്കാം.

*****

## ഉഴിഞ്ഞ



വാതരോഗം മാററാൻ കൂടുതലായി ഉപയോഗിക്കുന്ന ഔഷധസസ്യമാണ് ഉഴിഞ്ഞ. ശരീരത്തിന് ദോഷകരമായ നീരു വറ്റിക്കാനുള്ള ഇതിന്റെ കഴിവ് ഏറെ പ്രസിദ്ധമാണ്. മുടി വളരാനും ഉത്തമമാണ്. സാപ്പിൻ ഡേസി കുടുംബത്തിൽ പെടുന്ന ഉഴിഞ്ഞയുടെ ശാസ്ത്രീയനാമം കാർഡിയോസ്പേമം ഹെലിക്കാബം എന്നാണ്.

*****

# മുക്കുറ്റി



വഴിയോരങ്ങളിലും വേലിപ്പടർപ്പുകളിലും പാടവരമ്പത്തുമൊക്കെ ധാരാളമുണ്ടായിരുന്ന മുക്കുറ്റി പനി,ചുമ,കഫക്കെട്ട് എന്നിവക്കെല്ലാം ഒന്നാംതരം മരുന്നാണ്. വ്രണവും മുറിവുമൊക്കെ ഉണങ്ങാനും മക്കുറ്റി നല്ലതാണ്. ബയോഫൈറ്റം സെൻസിറ്റൈവം എന്ന ശാസ്ത്രനാമം. ജെറിനിയോസി എന്ന സസ്യകുടുംബത്തിൽ പെടുന്നു.

******

# വനത്തെ വിഴുങ്ങല്ലെ !!!!

ഗുരുതരമായ കാലാവസ്ഥ വ്യത്യാനങ്ങളെ



ചെറുക്കാൻ വനങ്ങളെ സംരക്ഷിച്ചേ തീരൂ. എങ്കിൽ മാത്രമേ കാലാവസ്ഥാഭാവി സാധ്യമാവൂ. കാലാവസ്ഥാ വ്യതിയാനങ്ങളും കാലാവസ്ഥാ ദുരന്തങ്ങളും ഇരുൾ വീഴ്ത്താത്ത ഒരുസുന്ദരഭാവിയ്ക്ക് ലോകമെങ്ങും വനസംരക്ഷണ പ്രവർത്തനങ്ങളും വനവൽക്കരണവും ഊർജിതമാക്കണം. 160 കോടി ജനങ്ങൾക്ക് ജീവിതോപാധിയാണ് വനങ്ങൾ.കരയിലെ ജന്തുക്കൾ,സസ്യങ്ങൾ, ഷഡ്പദങ്ങൾ, എന്നിവയുടെ 80 ശതമാനവും വാസസ്ഥലമായ വനങ്ങൾ ജൈവവൈവിധ്യത്തിന്റെകളിത്തൊട്ടിൽകൂടിയാണവയെ ആശ്രയിച്ചു കഴിയുന്ന മനുഷ്യർക്ക് അത് അഭയവും സുരക്ഷിതത്വവും ഏകുന്നു.കാലാവസ്ഥാ നിയന്ത്രണത്തിലും വനങ്ങളുടെപങ്ക് ഏറെ വലുതാണ്. അവ ഓക്സിജൻ,


കാർബൺ ഡൈ ഓക്സൈഡ്, അന്തരീക്ഷ ആർദ്രത

എന്നിവയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നു. ജലസംഭരണത്തിലും ജലചംക്രമണത്തിലും കാർബൺ ചംക്രമണത്തിലും വനങ്ങളുടെ പങ്ക് വളരെ വലുതാണ്. ആഗോളതാപനത്തിനു കാരണമാകുന്ന ഹരിതഗൃഹവാതകങ്ങളുടെ തോത് അന്തരീക്ഷത്തിൽ റെക്കോർഡ് സൃഷ്ടിച്ചുകൊണ്ട് മുന്നേറുമ്പോഴും താപമാപിനികളിൽ ചൂടു കുതിച്ചുയരുമ്പോഴും അവശേഷിക്കുന്ന പച്ചപ്പിന്റെയും കടയ്ക്കൽ കത്തി വച്ചുകൊണ്ടിരിക്കുകയാണു മനുഷ്യൻ. എല്ലാ വർഷവും മാർച്ച് ഇരുപത്തിയൊന്ന് രാജ്യാന്തര വനദിനമായി ആചരിക്കുവാൻ യു.എൻ ജനറൽ അസംബ്ലി തീരുമാനിച്ചത് 2012 ലാണ്. 2013 മുതൽ ദിനാചരണംആരംഭിച്ചു.

******

# കേരളഗാനം

ജയ ജയ കോമള കേരള ധരണി
ജയ ജയ മാമക പൂജിത ജനനി
മലയജസുരഭില മാരുത നേൽക്കും



മലയാളം ഹാ ! മാമക രാജ്യം .
കല്പകതരുനികരങ്ങൾ നിരക്കും
കല്പിതഭൂവാണെന്നുടെ രാജ്യം .
കളകളമോതിയിണങ്ങിവരുന്നൊരു
സലീല സമൃതം മാമകരാജ്യം.
തുഞ്ചശുകീകളകണ്ഠനിനാദം
തഞ്ചും മാമക മലയാളത്തിൽ
മാമക മോഹം മാമക ഗേഹം
മാമക നാകം മാമക വിലയം .

# മഹദ് വചനങ്ങൾ

* എത്ര ന്യായമായ കാര്യത്തിനായാലും അക്രമ ത്തിന്റെ മാർഗ്ഗം ഉപയോഗപ്പെടുത്തുന്നതിന് ഞാൻ എതിരാണ്.

- മഹാത്മാ ഗാന്ധി

* അന്തസ്സുള്ള ഏതു ജീവിതത്തിന്റെ പിന്നിലും അഭംഗുരമായ അച്ചടക്കത്തിന്റെ ശക്തി കാ ണാം

- സോഫോക്ലിസ്

* ഐക്യമില്ലാതെ ഒരു രാജ്യത്തിനും നിലനിൽ ക്കാനാവില്ല. അച്ചടക്കത്തിലൂടെ മാത്രമേ ഐ ക്യമുണ്ടാവൂ.

- ഇന്ദിരാ ഗാന്ധി

* നാളെ എന്തു സംഭവിക്കുമെന്നിരുന്നാലും ഇന്നു

നന്നായി ജീവിക്കുക

- ഡ്രൈഡൺ

* ഓരോ ഇന്ത്യക്കാരനും കൈയിൽ തുടർച്ചയായ എന്തെങ്കിലും ജോലിയും മനസ്സിൽ ദൈവി കമായ ചിന്തയുമുണ്ടായിരിക്കണം.

- ഗാന്ധിജി

* സ്വന്തം കണ്ണീർ മാറ്റാൻ മറ്റൊരാളുടെ ഒരൊറ്റ കണ്ണീർ തുടയ്ക്കുക. അത് അനശ്വരതയിലേക്കുള്ള ഏറ്റവും നേരായ വഴിയായിരിക്കും.

- ബൈറൺ

*അസൂയ നിറയും സ്ത്രീതൻ
രസനം വിഷനായ തൻ
പല്ലിനേക്കാൾ വിഷോഗ്രമാം.

- ഷേക്സ്പിയർ

* മനുഷ്യന്റെ ആഗ്രഹം നിറവേറ്റുവാൻ ഭൂമിയ്ക്ക്

കഴിയും;                    - ഗാന്ധിജി.

*    മനുഷ്യന് ഏറ്റവും ഉന്നതതലത്തിലെത്താൻ കഴിയും. പക്ഷേ , അവനവിടെ പിടിച്ചു നിൽക്കാൻ കഴിയില്ല.

- ബർണാഡ് ഷാ.

*    കലഹിക്കേണ്ട ഓരോന്നുമായി കലഹിക്കാൻ തുടങ്ങിയാൽ  അവസാനമുണ്ടാവില്ല.

- വില്യം പെൻ

*********

# നമുക്ക് കാണാം സ്വപ്നങ്ങൾ

**ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരന്നു എ.പി.ജെ അബ്ദുൾ കലാം. 2002-2007 വരെ ഇന്ത്യൻ**



പ്രസിഡന്റായിരുന്ന ഇദ്ദേഹം 'ജനങ്ങളുടെ രാഷ്ട്രപതി' എന്നറിയപ്പെട്ടു. ഇന്ത്യയുടെ ഒന്നാമത്തെ ഉപഗ്രഹ വിക്ഷേപണ പദ്ധതിയുടെ തലവനായിരുന്ന കലാമിനെ ഇന്ത്യയുടെ മിസൈൽ മാൻ എന്നും വിശേഷിപ്പിക്കുന്നു. ഇന്ത്യയിലുടനീളം യാത്ര ചെയ്ത് വിദ്യാർത്ഥികൾക്കായി പ്രഭാഷണങ്ങൾ നടത്തിയിരുന്ന ഒരുചിന്തകൻ കൂടിയായിരുന്ന അബ്ദുൾ കലാം പത്മഭൂഷൺ

പത്മവിഭൂഷൺ, ഭാരതരത്നം എന്നീ ബഹുമതികൾ ലഭിച്ചു. ഇദ്ദേഹത്തിന്റെ ആത്മകഥയാണ് അഗ്നിച്ചിറകുകൾ.

അഗ്നിച്ചിറകുകളിലൂടെ പ്രതിഭാശാലിയാ

ഒരു വലിയ മനുഷ്യന്റെ ജീവിതാനുഭവങ്ങളുടേതാ

യ ചിറകടിയൊച്ച ലോകത്തിന് കേൾപ്പിച്ചുതന്ന

ഇന്ത്യയുടെ പ്രഥമപൂരുഷൻ എന്ന പദവി അല

ങ്കരിച്ച – ശാസ്ത്രജ്ഞനും മിസൈൽ ടെക്നോളജി

വിദഗ്ധനുമായ യശശരീരനായ- "എ.പി.ജെ അബ്ദുൾ

കലാം"ദുഖഃങ്ങളുടെ മാനലയിൽ ജീവിതം കുടുങ്ങിക്കിട

ക്കുമ്പോഴും പ്രതീക്ഷകൾ നമുക്ക് നവചൈതന്യം

പകരുമെന്ന് ഉദ്ബോധിപ്പിച്ച – ഇരുട്ടിനെ പക

ലാക്കിയ കഠിനാധ്വാനത്തിന്റെ മാതൃകയായ -മിസൈൽ

മാൻ എന്ന വിശേഷണത്തിനുടമയായ മഹാപ്രതിഭ.2015

ജൂലായ്27 ന് അന്തരിച്ച അദ്ദേഹത്തന് പ്രണാമങ്ങൾ

അർപ്പിക്കട്ടെ ........

********

# GREAT IMPOSTORS OF THE ANIMAL WORLD

It is a great fun to disguise oneself as someone else and to watch a good movie where actors act as some one else. Many animals and birds and insects have developed the art of mimicry. This is not a skill they they use for entertainment or amesement, sometimes thier survival depends on this skillfull masquerade?

## ANT SPIDER

They protect itself from predators by pretending to be an ant. They have extra pair of legs to look like the antennae of asix legged insect.

## BUTTERFLIES

The shape of the butterflies wings visible through foliage ereates the appearence of an owls face and scares away greedy insect eating birds.

## STICK INSECTS AND LAEF INSECTS

Stick insects  are able to become parts of atree. Laef insects so closely resemble the grren leaves of a tree.


## BOMBARDIER BEETLE

It emites a blast of poisonous fluid when it is thretened by enimies

## OCTOPUS

Octopus is able to assume the shape and form of many other sea cretures by eloganting and bunehing tentacles.

*****



അമൃത അനിൽകുമാർ

IX A



# ഗോൾഡൻ പാലം

അറിയപ്പെടുന്ന ഈ പാലം നിർമ്മിച്ചിരിക്കുന്നത്. ഗോൾഡൻ പാലം എന്നാണ് ലോകമെങ്ങും അറിയപ്പെടുന്നത്. 2018 ഓഗസ്റ്റ് 1ാം തീയതി മുതൽ ഈ പാലത്തിലൂടെ ആളുക

രണ്ട് വലിയ കുറ്റൻ കൈകളിൽ താങ്ങി നിർത്തിയിരിക്കുന്ന ഒരു പാലം ഈ അടുത്തകാലത്ത് പത്രങ്ങളിലും സോഷ്യൽ മീഡിയയിലുമൊക്കെ നിറഞ്ഞ് നിൽക്കുകയാണല്ലോ. വിയറ്റ്നാമിലെ ദേശീയ വിനോദ സഞ്ചാര കേന്ദ്രമാണ് ഇപ്പോൾ ഈ പാലം. സെൻട്രൽ വിയറ്റ്നാമിലെ മനോഹരമായ കാടുനിറഞ്ഞ കുന്നിലാണ് കുവാങ്ങ് എന്ന് വിയറ്റ്നാമിൽ അറിയപ്പെടുന്ന ഈ പാലം നിർമ്മിച്ചിരിക്കുന്നത്. ഗോൾഡൻ പാലം എന്നാണ് ലോകമെങ്ങും അറിയപ്പെടുന്നത്. 2018 ഓഗസ്റ്റ് 1ാം തീയതി മുതൽ ഈ പാലത്തിലൂടെ ആളുകൾ യഥേഷ്ടം സഞ്ചരിച്ചുതുടങ്ങി.

*****

# അടൂർ ഗോപാലകൃഷ്ണൻ



1941-ൽ അടൂരിൽ ജനനം.പതിനൊന്ന് കഥാചിത്രങ്ങളും മുപ്പതിലേറെ ചിത്രങ്ങളും സംവിധാനം ചെയ്തു. നിരവധി ദേശീയ അന്തർദേശീയ ബഹുമതികൾ ലഭിച്ചു. സ്വയംവരം, കൊടിയേറ്റം, എലിപ്പത്തായം,മുഖാമുഖം, അനന്തരം,വിധേയൻ,മതിലുകൾ,നിഴൽക്കുത്ത് എന്നിവ പ്രധാന ചിത്രങ്ങൾ. മികച്ച സിനിമയ്ക്കുള്ള അന്തർദേശീയ അവാർഡ് ആറുതവണ ലഭിച്ചു. പത്മശ്രീ, പത്മഭൂഷൺ , ഫാൽക്കേ പുരസ്കാരങ്ങൾ ലഭിച്ചു.സിനിമയുടെ

ലോകം,സിനിമാനുഭവം, സിനിമാസാഹിത്യം, ജീവിതം ,സിനിമ സംസ്കാരം എന്നീ ഗ്രന്ഥങ്ങൾ രചിച്ചു .

******

# യഥാർത്ഥ ഗുരു

ഗംഗാ നദിയുടെ കരയിലാണ് ഗുണശീലൻ എന്ന സന്യാസിയുടെ ആശ്രമം. മഹാജ്ഞാനിയായ അദ്ദേഹത്തിന്റെ ശിഷ്യന്മാർ നാടിന്റെ പല ഭാഗത്തും പാഠശാലകൾ നടത്തുന്നുണ്ട്.ഒരു ദിവസം ദയാദാസൻ എന്ന ശിഷ്യൻ ഗുണശീലനെ കാണാനെത്തി. അടുത്തുള്ള ഗ്രാമത്തില് ഒരു വലിയ പാഠശാല നടത്തുകയാണ ദയാദാസൻ. വൈകുന്നേരമായപ്പോൾ ഗുണശീലനും ദയാദാസനും നടക്കാനിറങ്ങി. 'ശിഷ്യാ എങ്ങനെ പോകുന്നു പാഠശാല? നിന്റെ ശിഷ്യന്മാർ നന്നായി പഠിക്കുന്നുണ്ടോ"? ദയാദാസൻ പറഞ്ഞു:എന്റെ ശിഷ്യന്മാർ മണ്ടന്മാരാണ ഗുരോ. എത്ര പഠിച്ചാലും അവരുടെ തലയിൽ കയറില്ല. അങ്ങ് എന്നെ പഠിപ്പിച്ച അറിവിന്റെ പത്തിലൊന്ന് മതി അവരെ പഠിപ്പിക്കാൻ. അതുകൊണ്ട് ബാക്കി സമയം ഞാൻ വിശ്രമിക്കും". അവർ നടന്ന് ഗംഗയിലെ കുളിക്കടവിൽ എത്തി. അപ്പോൾ കൈയിലൊരു ചെടിയുമായി ഒരു കുട്ടി ഓടി വന്നു. "ഈ

കുഞ്ഞു ചെടി ഏതാണെന്ന് പറഞ്ഞു തരാമോ? ദയാദാസൻ ചെടിയിലേക്കു നോക്കി . എത്ര ശ്രമിച്ചിട്ടും അദ്ദേഹത്തിനു ചെടി തിരിച്ചറിയാൻ കഴിഞ്ഞില്ല. കുട്ടി ഗുണശീലന്റെ അടുത്തെത്തി. അദ്ദേഹം പറഞ്ഞു:"കുഞ്ഞേ, ഇത് ദേവദാരുവാണ്. ഹിമാലയത്തിൽ നിന്ന് ഗംഗയിലൂടെയൊഴുകി വന്നതാവാം". കുട്ടി അതുകേട്ട് സന്തോഷത്തോടെ ഓടിപ്പോയി. അപ്പോൾ ഗുണശീലൻ പറഞ്ഞു:"ദയാദാസാ, ശിഷ്യന്മാർ മണ്ടന്മാരായതുകൊണ്ട് നീ വിശ്രമിക്കും എന്നല്ലേപറഞ്ഞത്? അതു ശരിയല്ല. പഠിപ്പിക്കുന്ന ആൾഎപ്പോഴും പുതിയ അറിവുകൾ നേടിക്കൊണ്ടിരിക്കണം. ശരിയായ അറിവില്ലെങ്കിൽ കുട്ടികൾക്കു മുന്നിൽപ്പോലും നാം തലകുനിക്കേണ്ടി വരും".

******

# ഒറ്റ ഉത്തരം

ഒരു പ്രശസ്ത പാട്ടുകാരൻ ചെറിയ പരുക്കുകളോടെ വരുന്നത് രണ്ട് ആരാധകർ കണ്ടു. കൂട്ടത്തിൽ ഒരാൾ ഉടനെ ചോദിച്ചു' നമ്മുടെ ഇഷ്ടപാട്ടുകാരാ.....എനിക്ക് വേണ്ടി ഒരു പാട്ടുപാടാമോ?"എന്നാൽ മറ്റെയാൾ ചോദിച്ചു' അയ്യോ രക്തമൊഴുകുന്നല്ലോ. ഇതെന്തുപറ്റിയതാ?' ആർക്ക് ആദ്യം മറുപടി കൊടുക്കണമെന്നറിയാതെ ആലോചിച്ച പാട്ടുകാരൻ രണ്ടു പേരെയും പിണക്കാതെ ഒറ്റ വാക്കിൽ ഉത്തരം നല്കി.

എന്താണ് ആ ഉത്തരം? **വീണതാ**

# അറ്റുപോയ കണ്ണികൾ

സിംഹവാലൻ കുരങ്ങ്



ബാലി ടൈഗർ

വെരുക്



ധ്രുവക്കരടി

സീബ്ര

കുട്ടിത്തേവാങ്ക്




ഭീമൻ പാണ്ഡ



കഴുതപ്പുലി

ഹിമപ്പുലി

പുള്ളിമാൻ

കസ്തൂരി മാൻ

മയിൽ

ഡോഡോ

ഫാൽക്കൻ



*******







# ഭവന സന്ദർശനം

# മുട്ട വിഴുങ്ങുന്നവർ


ആസ്ട്രേലിയയിൽ കാണപ്പെടുന്ന ഗാസ്ട്രിക് ബ്രൂഡിങ് തവളകളാണ് ഇട്ട മുട്ട വിഴുങ്ങി വയറ്റിൽ സംരക്ഷിക്കുന്നത്. കുഞ്ഞുങ്ങൾ വാൽമാക്രികളായി വളർച്ച പൂർത്തിയാകുന്നത് വരെ വയറ്റിൽ സംരക്ഷിക്കുന്നു.

അറോറ എന്ന മത്സ്യമാണ് ബീജസംയോഗം നടന്ന മുട്ടകളെ അച്ഛൻ തന്റെ വായിൽ സംരക്ഷിച്ച് വിരിയുന്നതു വരെ കൊണ്ടു നടക്കുന്നത്.മുട്ട വിരിഞ്ഞ് മൂന്ന് ആഴ്ച്ചയ്ക്ക് ശേഷം അച്ഛൻ വായ തുറക്കും.

മൗത്ത് ബ്രീഡിങ് മത്സ്യങ്ങൾ മുട്ടകൾ വായ്ക്കുള്ളിൽ ശേഖരിച്ച് വിരിയിച്ചെടുക്കുന്നു. മുട്ട വായിലുള്ളതിനാൽ പല മീനുകളും പട്ടിണി കിടക്കുന്നു. നമ്മുടെ നാട്ടിലെ തിലോപ്പിയ ഈ രീതിയിലാണ് സ്വീകരിക്കുന്നത്.

ഡാർവിൻ തവളകളും അമ്മയിട്ട മുട്ടകളെ അച്ഛൻ

തൊണ്ടയിലാക്കി  വിരിയുന്നതു വരെ സംരക്ഷിക്കുന്നു.



ജൂലിയ മാത്യു
IX B





സെമിനാർ--നാനൊടെക്നോളജി

ഡോ.സിന്റിൽ ജോസ് ചിറയിൽ (അസി.പ്രഫ. ന്യൂമാൻ കോളേജ്, തൊടുപുഴ)



## പ്രോടക്ട് അവതരണം---ജൈവ കീടനാശിനി

# അനിമേഷൻ

നിശ്ചലചിത്രങ്ങൾ, തുടർച്ചയായും വേഗത്തിലും പ്രദർശിപ്പിക്കുന്നതിലൂടെ ചലിക്കുന്ന പ്രതീതി ജനിപ്പിക്കുന്ന പ്രക്രിയയാണ്അനിമേഷൻ. ഇത് വീക്ഷണ സ്ഥിരത എന്ന നമ്മുടെ കാഴ്ചയുടെ പ്രത്യേകത അടിസ്ഥാനമാക്കിയുള്ള ഒരു സാങ്കേതിക വിദ്യയാണ്. ഒരു ദൃശ്യം നാം കണ്ടു കഴിഞ്ഞാലും അൽപ്പനേരംകൂടി നമ്മുടെ കാഴ്ചയിൽ തങ്ങിനിൽക്കും. ഇതു മൂലം തുടർച്ചയായുള്ള കുറേചിത്രങ്ങൾകണ്ണിനു മുമ്പിലൂടെ നിരന്തരം വരുമ്പോൾ ദൃശ്യങ്ങൾ ചലിക്കുന്നതായി തോന്നുന്നു. ഇങ്ങനെ ഒരു സെക്കന്റിൽ 24 തവണ ചിത്രങ്ങൾ മാറുമ്പോഴാണ് സാധാരണയായി ഒരു ചലച്ചിത്രം ഉണ്ടാവുന്നത്. പെയിന്റ്

ചെയ്ത പ്ലാസ്റ്റിക് ഷീറ്റുകൾ ഉപയോഗിച്ചായിരുന്ന ആദ്യ കാലത്ത് അനിമേഷൻ ചലച്ചിത്രം ഉണ്ടാക്കിയിരുന്നത്. കമ്പ്യൂട്ടറുകളുടെയും അനിമേഷൻ സോഫ്റ്റ്വെയറുകളുടെയും വരവോടെ ഈ സാങ്കേതിക വിദ്യ വളരെ എളുപ്പമായി. synfig studio, Tupi:, Open 2D Magic,


Pencil(സ്വതന്ത്ര സോഫ്റ്റ് വെയറുകൾ )

Adobe Flash, ToonBoom, Anim Studio(ഉടമസ്ഥാവകാശമുള്ള സോഫ്

ട് വെയറുകൾ) എന്നിവ പ്രധാനപ്പെട്ട അ

നിമേഷൻ സോഫ്റ്റ് വെയറുകളാണ്.

*****



******


# നൊബേൽ സമ്മാനം

**നേരം രാത്രിയായി. മുറിയിൽ ചിതറികിടക്കുന്ന വസ്തുങ്ങൾ. മേശയിൽ പശ,കത്രിക തുടങ്ങിയവ അലക്ഷ്യമായി കിചക്കുന്നു. കട്ടിലിൽ ഇരുന്ന് ചുമരിൽ ചാരുന്ന മീന,അവൾ പുസ്തകത്തിൽ മുഴുകിയിരിക്കുവാണ്. പുസ്തകം മറ്റൊന്നുമല്ല, "ഞാനാണ് മലാല". നൊബേൽ സമ്മാന ജേതാവായ മലാല യുസുഫ്സായിയുടെ പസ്തകം. ഒറ്റയിരിപ്പിൽ അവൾ ആ പുസ്തകം മുഴുവനുംവായിച്ചു തീർത്തു. പിന്നെ കുറേ നേരം നിശബ്ദം. ഉറങ്ങുകയായിരുന്ന അമ്മ ,അച്ഛൻ, അനുജത്തി മുത്തച്ഛൻ,മുത്തശ്ശി എല്ലാവരും എഴുന്നേറ്റു. മീര ആർത്തു വിളിച്ചു.കാര്യമെന്തെന്ന് തിരക്കിയപ്പോൾ മീരയ്ക്ക് സമാധാനത്തിനുള്ള നൊബേൽ സമ്മാനം വേണം.വീട്ടിൽ എല്ലാവരും ചിരി തുടങ്ങി.** അമ്മ പറഞ്ഞു: ഒന്നു പറഞ്ഞു രണ്ടിന് ദേഷ്യപ്പെടുന്ന നിനക്ക് നൊബേൽ സമ്മാനം. പോയി കിടന്നുറങ്ങടീ, നൊബേൽ സമ്മാനം നാളെ തീരുമാനിക്കാം. എല്ലാവരും ഉറങ്ങാൻ കിടന്നു. അവൾ അന്ന് രാത്രി ഉറങ്ങിയില്ല. പെട്ടെന്ന് അമ്മ വിളിച്ചു. മീരാ......നേരം വെളുത്തു. എഴുന്നേൽക്ക്: അവൾ ഞെട്ടി.

**"എവിടെ എന്റെ നൊബേൽ സമ്മാനം?" അവൾ കരഞ്ഞു-**

**കൊണ്ട് ചോദിച്ചു..................**




By
Nandana Anil
X C

# ജീവശാസ്ത്രം

ജീവന്റെയുള്ളിലെ  സത്യങ്ങൾ തേടുന്ന

ജീവാംശമൊന്നിനെ തൊട്ടുണർത്തീടുന്ന

ശ്വാസ നിശ്വാസങ്ങളൊന്നളന്നീടുന്നൊരറി

വിന്റെ തെളിവാണ  ജീവ  ശാസ്ത്രം.

രക്തത്തിനുള്ളിലെ  ഓരോ അണുവിലുമാ

ഴ്ന്നിറങ്ങീടുന്ന  പൊൻ  വെളിച്ചം.

കണ്ണിനാൽ കാണുവാനാകാത്ത ധൂമത്തിൽ

ജീവനെ കാണുന്ന  ദർപ്പണം പോൽ.

സിരയിലൂടൊഴുകുന്ന രക്തവും പിന്നെയാ

ദന്തവും  ചർമവും തൊട്ടറിഞ്ഞു.

ജീവനെ താങ്ങുമീ സസ്യങ്ങൾ തന്നുടെ

ഉള്ളിന്റെ ഉള്ളും വെളിച്ചമറിഞ്ഞു.

നാളേയ്ക്കു നന്മകൾ വാരി വിതറുവാൻ

പടരുന്ന വ്യാധികൾ  നീക്കിടുവാൻ

ഹൃത്തും തുറന്ന പഠിക്കുവാനേകുന്ന

പാറ്റയും പറയുന്ന ജീവസത്യം.

പൗരാണികൾ പണ്ടു പോയ  പാതതൻ

പടിയിലെ പൊടിയും പഠിച്ചറിഞ്ഞു.

പരിണാമ തത്വവും പാഠങ്ങളും

പുതുതലമുറയ്ക്കായിന്നൊരുക്കി  വയ്പൂ.....

ജീവനുള്ളേതിലും ജീവനെ കാണുവാൻ

ജാലകമായിതാ  ജീവശാസ്ത്രം.....

*******

# സൈബർ കുറ്റങ്ങൾ

ഏറെ പ്രതീക്ഷകൾ നൽകുന്നവരാണ്നാ ളത്തെ തലമുറയെങ്കിലും അവരിൽ പലരും ഒരു പകർച്ച വ്യാധിയുടെ പിടിയിലാണ്. അവരുടെ മുഖങ്ങൾ എപ്പോഴും കുനിഞ്ഞു നിൽപ്പാണ്. മനസാകട്ടെ മറ്റൊരു ലോകത്തും. കുടുംബത്തിനോ സമൂഹത്തിനോ വേണ്ടി ചെലവഴിക്കാൻ സമയമില്ലാതെ മൊബൈൽ ഫോണുകളുടെ അടിമകളായിരിക്കുന്നു. ഈ തലമുറയിൽ പലരും പുതിയസാങ്കേതിക വിപ്ലവങ്ങൾ പുത്തൻ മേഖലകൾ വെട്ടിപ്പിടിക്കുന്നതോടൊപ്പം മറ്റൊരുവശവും ശക്തമായി അടിമപ്പെട്ടിരിക്കുന്ന യുവതലമുറയാണ്.

മൊബൈൽ സ്ക്രീനുകളിൽ നിന്നും തലയുയർത്തി കുനിക്കൂടിയുള്ള ഇരിപ്പി

ൽനിന്നും എഴുന്നേറ്റ് പുറത്തിറങ്ങി ശുദ്ധവായു ശ്വസിച്ച് നല്ല ഒരു സാമൂഹിക ലക്ഷ്യത്തിനായി പ്രവർത്തിക്കാൻ നമുക്ക് ശ്രമിക്കാം.

# നളചരിതംകഥ

പാണ്ഡവർ വനത്തിൽ താമസിക്കുന്ന കാലത്ത് അവിടെയെത്തിയ ബൃഹശ്വൻ എന്ന മുനി അവരുടെ കഥയാണ് നളചരിതം. മഹാഭാരതം വനപർവ്വത്തിൽ 52 മുതൽ 78 വരെ ഇരുപത്തിയെട്ട്അധ്യായത്തിലായി കഥ അവതരിപ്പിക്കുന്നു.ഈ കഥയാണ് ആട്ടകഥാരൂപത്തിൽ ഉണ്ണായി വാര്യർ കഥ അവതരിപ്പിച്ചത്.

നിഷധരാജാവാണ് നളൻ വിദർഭയിലെ രാജാവായ ഭീമന്റെ പുത്രിയെക്കുറിച്ച് അറിയുകയും അവളെ വിവാഹം ചെയ്യണമെന്ന് ആഗ്രഹാക്കുകയും ചെയ്യുന്നു.അനുരക്തനായ നളൻ ഉദ്ധ്യാനത്തിൽ കണ്ടുമുട്ടിയ ഒരു സ്വർണസിംഹത്തോട്

തന്റെ മനസ്സറിയുകയും ചെയ്യുന്നു.ധാരാളം തടസ്സങ്ങൾ മറികടന്നു

നളനും ദമയന്തിയും വിവാഹാതരായി. സ്വയം വരത്തിൽ

ഒത്തു ചേരാൻ ഭൂമിയിലേക്കു വന്ന കലിദ്വാരൻമാർ വിവാഹ കഥ അറിയുന്നു. കോപിഷ്ടനായ കലി നളന്റെ അനുജനായ പുഷ്കരനെ കൂട്ടുവിളിച്ച് ചൂതുകളിക്കാൻ പ്രേരിപ്പിക്കുന്നു. ദമയൻതിയെ വനത്തിൽ ഉപേക്ഷിക്കുന്നു. നിരവധി ബുദ്ധിമുട്ടുകൾ നളനേൽക്കുന്നു. അതോടെ കലി വിട്ടൊഴിയുന്നു.രാജ്യം തിരിച്ച് കിട്ടുന്നു. ഇതാണ് നളചരിതം കഥ.

****

# കൃതികളും രചയിതാവും

1. കൊടിയേറ്റം -അടൂർ ഗോപാലകൃഷ്ണൻ
2. ഉമ്മാച്ചു -പി.സി.കുട്ടികൃഷ്ണൻ
3. കാറ്റുപറഞ്ഞ കഥ -ഒ.വി.വിജയൻ
4. ചിതംബരം -സി.വി.ശ്രീരാമൻ
5. തല്പം -സുഭാഷ് ചന്ദ്രൻ
6. ഇഷ്ടമുടിക്കായൽ -കുരീപ്പുഴ ശ്രീകുമാർ
7. തോരാമഴ - റഫീക്ക് അഹമ്മദ്
8. വേനലിൽ ഒരു പുഴ -റോസ്മേരി
9. തെംസ്നദിയോട് -സുഗതകുമാരി
10. നാലിതൾപ്പൂവ് -ഇചശ്ശേരിഗോവിന്ദൻനായർ

****

# പ്രകൃതി

ഹരിതശോഭയിൽ വിളങ്ങി നിൽക്കും

അമ്മേ ............ പ്രകൃതി ദേവീ........

പച്ചപ്പുതപ്പിനാൽ പൊതിഞ്ഞു നീ

സമസ്ത ജീവജാലങ്ങൾക്കും അഭയമേകുന്നു.

നിൻ മടിത്തട്ടിൽ ശാന്തമായുറങ്ങുമീ

മാനവർ തൻ ഹൃദയതാളവും നീ.

നിൻ മാറിൽ നിന്നുതിർന്നൊഴുകുമീ

നീരുറവകളും..... നീല ജലാശയങ്ങളും

നിൻ ആനന്ദക്കണ്ണീരാകുമീ

വർഷബിന്ദുക്കൾ തൻ കുളിർമയും

ശിരസുയർത്തി നിന്നീടുമാമലകളും

തിങ്ങിനിറഞ്ഞൊരാ വൃക്ഷലതാതികളും

ഹാ.....എത്ര സുന്ദരമീ പ്രകൃതി !

ഈശ്വരൻ തൻ ശ്രേഷ്ഠസൃഷ്ടിയാം മാനവൻ

സമസ്തവും കാത്തു സൂക്ഷിക്കേണ്ടുന്ന മാനവൻ

സ്വാർത്ഥ തൻ കൃത്യങ്ങൾക്കടിമയായി

അമ്മ തൻ നെഞ്ചിൽ താഡനമേൽപ്പിച്ചു.

പ്രകൃതിയും മനുഷ്യനും കൈകോർത്തൊരാ

പാരസ്പര്യത്തിൻ  സൗകുമാര്യം.

തകർന്നിതെങ്ങോ കണ്ണികൾ മുറിയുന്നു.

പാരിന്റെ താളം തെറ്റി മറയുന്നു.

പച്ചപുതച്ചൊരാ കാനനസൗന്ദര്യം

അഗ്നിയിൽ വെന്തുകരിയുന്നു, മഴവിനിരയാകുന്നു.

വറ്റിവരളുന്ന നീർച്ചോലകളങ്ങും

ദാഹ ജലത്തിനായി കേഴുന്നു മക്കൾ.

ലാഭമോഹം പെരുത്തൊരാക്കൂട്ടർ

വാരി വിതറുന്നു വിഷപാദാർത്ഥങ്ങൾ.

നിശ്ചലമാകുന്നു ജീവതുടിപ്പുകൾ

തരിശായ് മാറുന്ന നിൻഗർഭപാത്രം.

മാനവൻ തൻ പ്രഹരങ്ങളാൽ

പ്രകമ്പനം കൊള്ളും നിൻ നിലവിളികൾ

നീചരാം മാനവമക്കൾതന്നുടെ

ചുവടുകൾ പിഴക്കുന്നു , താളം തെറ്റുന്നു.

ഹാ..... അമ്മേ...... ആസന്നമരണയാമമ്മേ

പനിച്ചൂടിൽ വെന്തുരുകുന്നൊരമ്മേ.........

നീ പകർന്നൊരാ തെന്നലും കുളിർമയും

നിൻ നനുത്തൊരാ സ്പർശനങ്ങളും

പകർന്നു തന്നൊരാ തണലും ശ്വാസവും

കേവലമോർമ്മയായ് ശേഷിക്കയാണോ?

അമ്മേ നിൻ ദീന വിലാപങ്ങൾ

മക്കൾ തൻ കണ്ണു തുറപ്പിച്ചിടില്ലേ......

പച്ചപ്പിതപ്പിനാൽ മൂടി നിന്നെ

തണൽ ചാർത്തി രക്ഷിക്കാനെത്തുകില്ലേ....

നിന്നിലലിയുന്ന ജീവൻ തുടിപ്പുകൾ

നാമിട്ടുണരുവാൻ കഴിയുകില്ലേ....

അമ്മ മക്കൾ തൻ പാരസ്പര്യത്താൽ

സമ്മേളിതമാകുമാ സ്വർഗ്ഗീയരാനന്ദം

സ്വായത്തമാക്കാൻ കൈകോർത്തു നിൽക്കാം

ഉണരൂ മനുഷ്യാ ....... താമസമെന്യേ........

******

# കലാം മൊഴികൾ

- ഒരു വിദ്യാർത്ഥിയുടെ ഏറ്റവും പ്രധാന സവിശേഷത ചോദ്യം ചോദിക്കാനുള്ള ആർജ്ജവമാണ്.
- വിദ്യാർത്ഥികൾ എപ്പോഴും ചോദ്യങ്ങൾ ചോദിക്കണം.
- നിങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യം ആകുന്നതിനുമുമ്പ് നിങ്ങൾ സ്വപ്നം കാണുക.
- നിങ്ങൾക്ക് നിങ്ങളുടെ ദൗത്യത്തിൽ വിജയമുറപ്പിക്കണമെങ്കിൽ ഏക മനസ്സോടെ ആ ലക്ഷ്യത്തിനായി സ്വയംഅർപ്പിതനാകണം.
- മഴയെത്തുമ്പോൾ എല്ലാ പക്ഷികളും ചില്ലകളിൽ അഭയം തേടും, എന്നാൽ പരുന്താകട്ടെ മേഘങ്ങൾക്ക് മീതെ പറന്ന് മഴയെതോൽപ്പിക്കും.
- വികസിത രാജ്യങ്ങൾ ഏറ്റവും പുതിയ

സാങ്കേതിക വിദ്യകൾ നമുക്ക നൽകിയെന്നു വരില്ല.അവർക്ക് അത് വിൽക്കുകയാണു പ്രധാനം.

- കഠിനാധ്വാനികളെ മാത്രമേ ദൈവം സഹായിക്കൂ............ ഈ തത്വം മറക്കരുത്.
- മഹാന്മാരുടെ മഹത്തായ സ്വപ്നങ്ങൾ എപ്പോഴും യഥാർത്ഥ്യമാകും.

******